# Kosamattam Finance Limited

## Regd. Office  Kottayam.

Head Office,
Kosamattam Mathew K Cherian Building
M L Road, Market Junction, Kottayam-1.
Email: credit@kosamattam.com
Ph: 0481- 2586400

## സ്ഥാവര വസ്തുക്കളുടെ ടെൻഡർ /ലേല വില്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആൻറ് റീകൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സെറ്റ്സ് ആൻഡ് എൻഫോഴ്സ്മെൻറ് ഓഫ് സെക്യൂരിറ്റി ഇൻടറസ്റ്റ് ആക്ട് 2002 ലെ സെക്യൂരിറ്റി ഇൻറ്ററസ്ററ് (എൻഫോഴ്സ്മെൻറ്) ചട്ടം 2002- ൻറെ ചട്ടം 8 (6 ) പ്രകാരമുള്ള സ്ഥാവര വസ്തുക്കളുടെ ടെൻഡർ / ലേല വില്പന നോട്ടീസ്.

കമ്പനിക്കു പണയപ്പെടുത്തിയ താഴെ കൊടുത്തിരിക്കുന്ന സ്ഥാവരവസ്തുക്കൾ കൊശമറ്റം ഫിനാൻസ് ലിമിറ്റഡിൻറെ (സെക്യൂർഡ് ക്രെഡിറ്റർ) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ എന്ന നിലയിൽ പ്രത്യക്ഷമായി കൈവശപ്പെടുത്തിയിട്ടുള്ളതാണ്. വായ്പ്പക്കാരായ കെ വി ജേക്കബ് മകൻ കെ ജെ മത്തായി എന്നും വിളിക്കപ്പെടുന്ന റെവ. കെ ജേക്കബ് മത്തായി, കൊച്ചുകരുനാട്ടിൽ, ചർച് റോഡ്, മാനന്താടം, പുത്തൻകുരിശ് പി ഓ, എറണാകുളം-682308 പ്രതിനിധീകരിക്കുന്ന ഗുഡ് ന്യൂസ് ഫോർ ഏഷ്യ, ചർച് റോഡ്, മാനന്താടം, പുത്തൻകുരിശ് പി ഓ എറണാകുളം - 682308, സഹവായ്പ്പക്കാർ ആയ റെവ.കെ ജേക്കബ് മത്തായി ഭാര്യ ലിസമ്മ മത്തായി, കൊച്ചുകരുനാട്ടിൽ, ചർച് റോഡ്, മാനന്താടം, പുത്തൻകുരിശ് പി ഓ, എറണാകുളം - 682308, പരേതനായ പി ജെ ജോസഫ് മകൻ ആൽബർട്ട് ലിൻഡ്സെ, പുതുപ്പറമ്പിൽ, മേലുകാവ് പി ഓ, കോട്ടയം- 686652 എന്നിവരിൽനിന്നും കൊശമറ്റം ഫിനാൻസ് ലിമിറ്റഡിൻറെ മഴുവന്നൂർ ശാഖക്ക് ലഭിക്കുവാനുള്ള 01/12/2021 ലെ കുടിശ്ശിക തുകയായ രൂപ 3,31,15,524/- ഈടാക്കുന്നതിന് വേണ്ടി താഴെ കൊടുത്തിട്ടുള്ള സ്ഥാവരവസ്തുക്കൾ "ഇപ്പോൾ എവിടെയാണോ, എങ്ങനെയാണോ, ഏതൊക്കെയാണോ" എന്നതിൻറെ അടിസ്ഥാനത്തിൽ **27/ 01/_2022 നു ഉച്ചകഴിഞ്ഞു 3 മണിക്ക്** എറണാകുളം എം ജി റോഡിൽ പാർത്ഥാസിനു എതിർവശത്തുള്ള കെട്ടിട നമ്പർ 62/2002- ൽ പ്രവർത്തിക്കുന്ന കൊശമറ്റം ഫിനാൻസ് ലിമിറ്റഡിൻറെ റീജിയണൽ ഓഫീസിൽ വച്ച് താഴെ പറയുന്നതും കമ്പനിയുടെ ഔദ്യോഗിക വെബ്സൈറ്റ് **www.kosamattam.com** ൽ പ്രസിദ്ധീരിച്ചിട്ടുള്ളതും ആയ നിബന്ധനകളും അനുസരിച്ചു ടെൻഡർ/ലേല വില്പന നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം പൊതുജനങ്ങളെ പൊതുവായും വായ്പ്പക്കാരെയും സഹവായ്പ്പക്കാരെയും പ്രത്യേകിച്ചും അറിയിച്ചുകൊള്ളുന്നു.

കരുതൽ വില : **രൂപ 2 ,0 6 ,00,000/ - (രണ്ടു കോടി ആറു ലക്ഷം രൂപ മാത്രം )**

നിരതദ്രവ്യ തുക : **രൂപ 2 ,0 6 ,000/ - ( രണ്ടു ലക്ഷത്തി ആറായിരം രൂപ മാത്രം )**

ലേല വർദ്ധന തുക : **രൂപ 10,000/- ( പതിനായിരം രൂപ മാത്രം).**

**നിരതദ്രവ്യത്തിനുള്ള ഡിമാൻഡ് ഡ്രാഫ്റ്റും സീൽഡ് ടെൻഡർ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയും സമയവും സ്ഥലവും: 27/01/2022 ഉച്ചകഴിഞ്ഞു 2.00 മണി വരെയോ അതിനു മുമ്പോ എറണാകുളം എം ജി റോഡിൽ പാർത്ഥാസിനു എതിർവശത്തുള്ള കെട്ടിട നമ്പർ 62/2002- ൽ പ്രവർത്തിക്കുന്ന കൊശമറ്റം ഫിനാൻസ് ലിമിറ്റഡിൻറെ റീജിയണൽ ഓഫീസിൽ.**

**ടെൻഡർ തുറന്ന് ലേലം നടക്കുന്ന തീയതിയും സമയവും സ്ഥലവും : 27/01/2022 ഉച്ചകഴിഞ്ഞു 3.00 മണിക്ക് എറണാകുളം എറണാകുളം റീജിയണൽ ഓഫീസിൽ വച്ച്**

സ്ഥാവരവസ്തുക്കളുടെ വിശദ വിവരണം

1. എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ പുത്തൻകുരിശ് വില്ലേജിൽ റീ സർവ്വേ ബ്ലോക്ക് നമ്പർ 38 -ൽ, റീ സർവ്വേ നമ്പർ 546/2-3-2-ൽ (പഴയ സർവ്വേ നമ്പർ 923/6B) ഉൾപ്പെട്ടതും പുത്തൻകുരിശ് സബ് രെജിസ്ട്രിയിലെ 19/08/2009-ലെ 2631/2009 -) ം നമ്പർ പരസ്പര കൈമാറ്റ ആധാരപ്രകാരം ഗുഡ് ന്യൂസ് ഫോർ ഏഷ്യ, എന്ന ട്രസ്റ്റിൻറെ പേരിൽ സിദ്ധിച്ച 04.21 ആർ (10.403 സെൻറ്) വസ്തുവും കെട്ടിടവും അതിലുള്ള മറ്റു സകലവകകളും.

**അതിരുകൾ :**
കിഴക്ക് : പഞ്ചായത്ത് റോഡ്,

തെക്ക് : മാലേരിൽ ബാബു വക വസ്തു,

പടിഞ്ഞാറ് : മാലേരിൽ ബാബു

വക വസ്തു, വടക്ക് : ആൽബർട്ട് ലിൻഡ്സെ വക വസ്തു

2. എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ പുത്തൻകുരിശ്ശ് വില്ലേജിൽ റീ സർവ്വേ ബ്ലോക്ക് നമ്പർ 38 -ൽ, റീ സർവ്വേ നമ്പർ 546/2-3-2-2 ൽ (പഴയ സർവ്വേ നമ്പർ 923/6B) ഉൾപ്പെട്ടതും പുത്തൻകുരിശ്ശ് സബ് രെജിസ്ട്രിയിലെ 07/08/2015-ലെ 4022/2015 -) ം നമ്പർ തീറാധാര പ്രകാരം ആൽബർട്ട് ലിൻഡ്‌സെ എന്ന ആൾക്ക് സിദ്ധിച്ച 08.09 ആർ (20.00 സെൻറ്) വസ്തുവും വീടും അതിലുള്ള മറ്റു സകലവകകളും.

**<u>അതിരുകൾ:</u>**

കിഴക്ക് : പഞ്ചായത്ത് റോഡ്,

തെക്ക്: ഗുഡ് ന്യൂസ് ഫോർ ഏഷ്യ വക വസ്തു

പടിഞ്ഞാറ് : ഗുഡ് ന്യൂസ് ഫോർ

ഏഷ്യ , മാലേരിൽ ബാബു എന്നിവരുടെ വക വസ്തു ,

വടക്ക് : സ്വകാര്യ മൺ റോഡ്

**ബാധ്യതാ വിവരണം : ഇല്ല**

---

## <u>മറ്റു നിബന്ധനകൾ</u>

1. വസ്തുക്കളെക്കുറിച്ചു പറഞ്ഞിരിക്കുന്ന വിവരങ്ങൾ കമ്പനിയുടെ ഉത്തമ വിശ്വാസത്തോടും അറിവോടും കൂടിയുള്ളതും ആയതിനാൽ ഏതെങ്കിലും തെറ്റായതോ, വിട്ടുപോയതോ ആയ പ്രസ്താവനകൾക്കു കമ്പനിക്ക് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.
2. ടെണ്ടറിൽ പങ്കെടുക്കുന്നവർ കമ്പനിയുടെ റീജിയണൽ ഓഫീസുകളിൽ, ഹെഡ് ഓഫീസിൽ, മഴുവന്നൂർ ശാഖ ഉൾപ്പടെ ഇതര ശാഖകളിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ദർഘാസ് /ലേല നോട്ടീസിലുള്ള എല്ലാ നിബന്ധനകളും വായിച്ചു മനസ്സിലാക്കേണ്ടതും അതിൽ കൊടുത്തിരിക്കുന്ന ലേല വസ്തുക്കൾ സന്ദർശിച്ചു അതിരുകൾ, വിസ്തീർണം, ഉടമസ്ഥാവകാശം, അധികാരം, ബാധ്യതകൾ, നിയമപരമായ അംഗീകാരങ്ങൾ, എന്നിവ ഉറപ്പു വരുത്തുകയും തൃപ്തിപ്പെടേണ്ടതുമാണ്. വില്പനയിൽ സംബന്ധിച്ച ശേഷം വസ്തു സംബന്ധമായോ ദർഘാസ് /ലേല വില്പന നടപടികൾ സംബന്ധമായോ ആയ യാതൊരു തർക്കങ്ങളും കമ്പനി കേൾക്കുന്നതല്ല.
3. ടെണ്ടറിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവരും അവരുടെ അധികാരപ്പെടുത്തിയ വ്യക്തികളും അവരുടെ രണ്ടുപേരുടെയും ഫോട്ടോ, അഡ്രസ് തിരിച്ചറിയൽ രേഖകൾ ഹാജരാക്കേണ്ടതാണ് .
4. ലേല വില്പന സംബന്ധമായ നിരതദ്രവ്യമുൾപ്പടെയുള്ള എല്ലാ തുകകളും കൊശമറ്റം ഫിനാൻസ് ലിമിറ്റഡ് പേരിൽ കോട്ടയത്ത് മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് ആയോ ആർ ടി ജി എസ് ആയോ അടക്കേണ്ടതാണ്. **ആർ ടി ജി എസ് ആണെങ്കിൽ 25/01/2022** ന് മുമ്പായി അയക്കേണ്ടതാണ്.
5. ടെണ്ടറിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ നിരതദ്രവ്യം കൊശമറ്റം ഫിനാൻസ് ലിമിറ്റഡ് പേരിൽ കോട്ടയത്ത് മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റും പൂരിപ്പിച്ചു ഒപ്പിട്ട ടെൻഡർ ഫോമും സീൽഡ് കവറിലിട്ടു **27/01/2022 ഉച്ച കഴിഞ്ഞു 2.00 മണിക്ക്** മുമ്പായി ലേലം നടക്കുന്ന എറണാകുളം എം ജി റോഡിൽ പാർത്ഥാസിനു എതിർവശത്തുള്ള കെട്ടിട നമ്പർ 62/2002- ൽ പ്രവർത്തിക്കുന്ന കൊശമറ്റം ഫിനാൻസ് ലിമിറ്റഡിൻറെ റീജിയണൽ ഓഫീസിൽ സമർപ്പിച്ചു രസീത് വാങ്ങേണ്ടതാണ്
6. ടെൻഡർ ഫോമും നിരതദ്രവ്യത്തിനുള്ള ഡിമാൻഡ് ഡ്രാഫ്റ്റും ഉള്ള സീൽഡ് കവർ നിശ്ചിത സമയ ത്തിനുള്ളിൽ സമർപ്പിച്ചവർക്ക് മാത്രമേ ലേല വില്പന നടക്കുന്ന ഹാളിലേക്ക് പ്രവേശനമുള്ളൂ. പ്രസ്തുത അധികാരം അധികാരപ്പടുത്തിയ ഉദ്യോഗസ്ഥനിൽ പൂർണമായും നിക്ഷിപ്തമായിരിക്കും
7. അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് എന്തെങ്കിലും കാരണം ബോധിപ്പിക്കാതെ തന്നെ ലേല നടപടികൾ നിർത്തിവക്കാനോ മാറ്റിവക്കാനോ അധികാരമുണ്ടായിരിക്കും. അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ടെൻഡറുകൾ സ്വീകരിക്കാനോ നിരാകരിക്കാനോ തിരിച്ചയക്കാനോ ഉള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇതിൻറെ പേരിൽ ടെൻഡർ സമർപ്പിച്ചവരിൽ നിന്നും ഒരു പരാതിയും ക്ലെയിമും കമ്പനി സ്വീകരിക്കുന്നതല്ല
8. സീൽഡ് ടെൻഡറുകൾ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ **27/01/2022 ന് ഉച്ച കഴിഞ്ഞു 3.00 മണിക്ക്** തുറക്കുന്നതും കരുതൽ തുകയിൽ കുറഞ്ഞ ടെൻഡറുകൾ ആരംഭത്തിലേ നിരാകരിക്കുന്നതുമാണ്.
9. ടെൻഡറുകൾ തുറന്നുകഴിഞ്ഞാൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻറെ വിവേചനാധികാരത്തിൽ തങ്ങളുടെ ടെൻഡർ തുക കൂട്ടുന്നതിനു അവസരം കൊടുക്കുന്നതിനായി ലേലം നടത്തുന്നതായിരിക്കും
10. ടെൻഡർ സ്വീകരിച്ചതിന് രസീത് കിട്ടിയാലുടൻ തന്നെ ടെൻഡർ വിജയി തുകയുടെ 25 % ൽ നിന്ന് നിരത ദ്രവ്യം കിഴിച്ചു ബാക്കി തുക കമ്പനിയിൽ ഡിജിറ്റലായി കെട്ടിവക്കേണ്ടതും ബാക്കി 75 %, 15 ദിവസത്തിനുള്ളിൽ കമ്പനിക്ക് നൽകേണ്ടതുമാണ്. അല്ലാത്തപക്ഷം ടെൻഡർ വിജയി കമ്പനിക്ക് കൊടുത്തിട്ടുള്ള മുഴുവൻ തുകയും കണ്ടുകെട്ടുന്നതിനും അന്നത്തെ നോട്ടീസില്ലാതെ തന്നെ ലേല വില്പന റദ്ദാക്കുന്നതിനും പുതിയതായി വില്പന നടത്തുന്നതിനും അധികാരപ്പടുത്തിയ ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കും. അഭികാമ്യമാണെന്നു തോന്നുന്ന സാഹചര്യങ്ങളിൽ സമയം നീട്ടി നൽകുന്നതിനും അധികാരപ്പടുത്തിയ ഉദ്യോഗസ്ഥന് വിവേചനാധികാരം ഉണ്ടായിരിക്കുന്നതാണ്.
11. ടെൻഡർ വിജയി തുകയുടെ 25 % അടച്ച ശേഷവും വില്പന റദ്ദു ചെയ്യാൻ കൂടി അധികാരം ഉള്ള അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻറെ സ്ഥിരീകരണം ആവശ്യമാണ്. വില്പന ഉറപ്പിക്കൽ കമ്പനിയുടെ അംഗീകാരത്തിനും കൂടി വിധേയമായിരിക്കും.
12. ടെൻഡർ വില്പന ഉറപ്പിച്ച ശേഷം ടെൻഡർ വിജയിയിൽ നിന്നും മുഴുവൻ തുകയും സ്വീകരിച്ചു കഴിഞ്ഞാൽ, കമ്പനി ചട്ടങ്ങൾക്കും സർഫേസി ചട്ടങ്ങൾക്കും വിധേയമായി വില്പന വസ്തുക്കൾ

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ടെൻഡർ വിജയിയുടെ പേരിൽ സെയിൽ സർട്ടിഫിക്കറ്റ് രജിസ്റ്റർ ചെയ്തുകൊടുക്കുന്നതാണ്. ഇതിനായി വരുന്ന രെജിസ്ട്രേഷൻ ചെലവ്, സ്റ്റാമ്പ് ഡ്യൂട്ടി തുടങ്ങി മറ്റുചിലവുകൾ , സർക്കാരിനോ ലോക്കൽ ആധികാരികൾക്കോ കൊടുക്കുവാനുള്ള കുട്ടിശ്ശക ഫീസുകൾ മുതലായവ ടെൻഡർ വിജയി വഹിക്കേണ്ടതാണ്.

13. വില്പന വസ്തുവിൽ ഉള്ള ഏതെങ്കിലും താരത്തിലുള്ള ബാധ്യതകൾ, അവകാശങ്ങൾ, ഈടുകൾ, വസ്തുനികുതി തുടങ്ങി മറ്റു സർക്കാർ കുടിശ്ശികകൾ എന്നിവക്ക് വില്പനക്ക് ശേഷം കമ്പനിക്കോ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.
14. വില്പന വസ്തുവിൽ ഉള്ള നികുതികൾ, കറണ്ട് ചാർജ്, വെള്ളക്കരം, സീവറേജ് ചാർജ് തുടങ്ങിയവ മുൻ കുടിശ്ശികകൾ ആണെങ്കിൽ പോലും ടെൻഡർ വിജയി ഒടുക്കേണ്ടതാണ്.
15. വില്പന വസ്തുവിൽ ഉള്ള ഇലക്ട്രിസിറ്റി, വെള്ളം സീവറേജ് കണക്ഷനുകൾ മുതലായവ ടെൻഡർ വിജയിയുടെ സ്വന്തം ചെലവിൽ പേരിലേക്ക് മാറ്റി എടുക്കേണ്ടതാണ്.
16. വില്പന വസ്തുക്കളുടെ 01/01/2015 മുതൽ 15/11/2021 വരെയുള്ള ബാധ്യത സർട്ടിഫിക്കറ്റ് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ വാങ്ങി പരിശോധിച്ചതിൽ യാതൊരു ബാധ്യതയും ഇല്ല മനസ്സിലാക്കിയിട്ടുള്ളതാണ്.
17. ലേല വില്പന സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും വസ്തു സന്ദർശിക്കുന്നതിനും ടെൻഡറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തികൾ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനേയോ എറണാകുളം എം ജി റോഡിൽ പാർത്ഥാസിനു എതിർവശം കെട്ടിട നമ്പർ 62/2002 ൽ ഉള്ള റീജിയണൽ ഓഫീസിൽ പ്രവർത്തന സമയത്തിൽ ബന്ധപ്പെടാവുന്നതാണ്.
18. ലേല വില്പന നോട്ടീസ് , കമ്പനിക്ക് തരുവാനുള്ള രൂപ 3,31,15,524/- (മൂന്ന് കോടി മുപ്പത്തിയൊന്നു ലക്ഷത്തി പതിനയ്യായിരത്തി അഞ്ഞൂറ്റി ഇരുപത്തിനാല് രൂപ മാത്രം) ഉം 01/12/2021 മുതലുള്ള പലിശയും മറ്റു ചെലവുകളും ലേല തീയതിക്കോ അതിനുമുമ്പായോ അടച്ചുതീർക്കാത്ത പക്ഷം ഈട് വസ്തുക്കൾ ലേലത്തിൽ വില്ക്കുമെന്നുള്ള നോട്ടീസായിക്കൂടി വായ്പ്പക്കാരനും സഹവായ്പ്പക്കാരും പരിഗണിക്കേണ്ടതാണ്.

---

സ്ഥലം : കോട്ടയം (ഒപ്പ്)

തീയതി: 10/ 12 /2021 അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ